പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*362 — 26.06.2013-ൽ മറുപടിക്ക്.

## കൺസ്യൂമർ പ്രൈസ് ഇൻഡക്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ :<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) തൊഴിലാളികളുടെയും ജീവനക്കാരുടെയും ജീവിത നിലവാര സൂചിക പുനർ നിർണ്ണയം ചെയ്യുന്നതിനു വേണ്ടി 2010 ൽ ഗവൺമെന്റ് രൂപീകരിച്ച കൺസ്യൂമർ പ്രൈസ് ഇൻഡക്സ് കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായോ; കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;<br><br>ബി) റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം പുതിയ സൂചികയും നിലവിലുള്ള സൂചികയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വിശദീകരിക്കുമോ;<br><br>(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; റിപ്പോർട്ട് ലഭ്യമാക്കാമോ;<br><br>(ഡി) കമ്മിറ്റിയുടെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ? | (എ) (ബി) (സി) & (ഡി) 27.08.2010 ലെ സ. ഉ. (എം. എസ്) 104/10/ലേബർ പ്രകാരം രൂപീകരിച്ച 21 അംഗങ്ങൾ അടങ്ങിയ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി തയ്യാറാക്കിയ 2011- 12 അടിസ്ഥാന വർഷമാക്കിയുള്ള കുടുംബബഡ്ജററ് സർവ്വേ സംസ്ഥാനത്ത് പൂർത്തീകരിച്ചു. പുതിയ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നതിലെ പ്രധാന ഘടകമായ വെയിംഗ് ഡയഗ്രം ഉൾപ്പെടെയുള്ള ഫാമിലി ബഡ്ജറ്റ് സർവ്വേ റിപ്പോർട്ടാണ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് അംഗീകാരം നൽകിയ ശേഷം മാത്രമേ പുതിയ സീരീസിലുള്ള ഓരോ സെൻററിലെയും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നതിനുള്ള കൺസ്യൂമർ ബാസ്ക്കറ്റ്, ലിങ്കിംഗ് ഫാക്ടർ എന്നിവ തയ്യാറാക്കാൻ കഴിയുകയുള്ളൂ. അതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ സീരീസിലുള്ള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കിയ ശേഷം മാത്രമേ പുതിയ സൂചികയും പഴയ സൂചികയും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ആഫീസർ.